
# വിദ്യ കൊണ്ട് പ്രബുദ്ധരാകുക



# Digital Magazine

Little Kite 2019-20

ക്ഷേത്ര പ്രവേശന മെമ്മോറിയൽ

ഹൈസ്ക്കൂൾ പൂത്തോട്ട



## ഉള്ളടക്കം


1. കുട്ടിയും മിഠായിയും...................................... 4
2. എന്റെ അമ്മ............................................... 5
3. അമ്മ മനം................................................. 6
4. ഭരണത്തിനു വേണ്ടി.................................. 7
5. ആസ്വാദനക്കുറിപ്പ് - അഗ്നിച്ചിറകുകൾ.......... 8
6. അർജ്ജുനനും ദ്രോണാചാര്യരും.................... 9
7. ഇത്രയും മധുരമോ എൻ ജീവിതം....... 10
8. കാറ്റിൽ പറന്ന മല..........................................11
9. തിരികെ യാത്ര........................................ 12
10. വായനാകുറിപ്പ് .................................................. 13
11. ഓർമ്മയിൽ ഒരു ഗ്രാമം ............................... 14
12. ലഹരി മിഠായി............................................ 15
13. ബാല്യകാലസ്മരണങ്ങൾ ............................ 16
14. ആസ്വാദനക്കുറിപ്പ്.........................................17

# കുട്ടിയും മിഠായിയും

ഒരു ദിവസം ഉച്ചനേരം ഭക്ഷണം കഴിഞ്ഞ് ഒരു മിഠായിക്കടയുടെ ഉടമ വലിച്ചുറങ്ങുകയാണ്.കടയിൽ നിറയെ ചെറിയ ഭരണികൾ.അവയിൽ നിറയെ മിഠായികൾ!

ഒരു കുട്ടി മിഠായിഭരണികളിൽ നൊട്ടമിട്ടു.കടയുടെ ചുറ്റും നോക്കി.ആരും അടുത്തില്ല.കുട്ടി പതുങ്ങിപ്പതുങ്ങി കടയിലേക്ക് കയറി ഒരു ഭരണിയിൽ കൈയിട്ടു.കൈനിറയെ മിഠായികൾ വാരി.എന്നിട്ടും അതുപോരാ എന്നവനു തോന്നി.മറ്റേ കൈയും അവൻ ഭരണിയിൽ കടത്തി.

രണ്ടു കൈയിലും നിറയെ മിഠായികൾ.അവനു സന്തോഷമായി.അവൻ കൈകൾ പുറത്തേക്കെടുക്കാൻ നോക്കി.പറ്റുന്നില്ല.അവൻ ആഞ്ഞുവലിച്ചു.പക്ഷേ കൈകൾ പുറത്തേക്ക് കിട്ടുന്നില്ല. മിഠായി കുറച്ചെണ്ണം ഭരണിയിലിട്ടാൽ കൈകൾ പുറത്തേക്കെടുക്കാം.എന്നാൽ അതിനു അവനു മനസ്സുവന്നില്ല.

മർക്കടമുഷ്ടി എന്നു നാം കേട്ടിട്ടുണ്ടല്ലോ.മർക്കടൻ എന്നാൽ കുരങ്ങ് .കുരങ്ങൻ കൈയിൽ കിട്ടിയതൊന്നും വിടാതെ പിടിച്ചുകൊണ്ടിരിക്കും.അതിനാണ് മർക്കടമുഷ്ടി എന്നു പറയുക.മർക്കടന്റെ വിട്ടുവീഴ്ചയില്ലാത്ത സ്വഭാവം അവന്റെ ജീവനെ പലപ്പോഴും അപകടത്തിലെത്തിക്കാറുണ്ട്.

അതുപോലെ നമ്മുടെ കുട്ടിയും 'മർക്കടമുഷ്ടി' പിടിച്ചുനില്പാണ്.കൈയിൽ കിട്ടിയ മിഠായികളിലൊന്നുപോലും വിടാതെ കൈകൾ പുറത്തേക്കെടുക്കാൻ അവൻ ശ്രമിച്ചു. ആ ശ്രമത്തിൽ ഭരണി മറിഞ്ഞുവീണു. വലിയ ഒരു ശബ്ദമുണ്ടായി. കടയുടമസ്ഥൻ ഉണർന്നു. ഒരു കുട്ടി രണ്ടു കൈയിലും മിഠായിയുമായി നിൽക്കുന്നതു കണ്ട് ദേഷ്യത്തോടെ മിഠായിക്കടക്കാരൻ കുട്ടിയെ കടന്നുപിടിച്ചു. അവൻ കരഞ്ഞു. പക്ഷെ, അയാൾ വിട്ടില്ല. അവന്റെ  കൈയിലുണ്ടായിരുന്ന മിഠായി ഭരണിയിലിട്ടുവിച്ചു. ഒരു ചൂരലെടുത്ത് നാലുകൊടുത്ത്, അവനെ അവിടെനിന്ന് ഓടിച്ചു.

ഗുണപാഠം:- കളവ് ചെയ്യുന്നവൻ പിടിക്കപ്പെടും. മർക്കടമുഷ്ടി അപകടമാണ് കൊക്കിലൊതുങ്ങാവുന്നതേ കൊത്താവൂ.

Nanditha M
8 C
KPMHSS Poothotta



# എന്റെ അമ്മ

ഇരുളിൽ പ്രകാശമായി
എപ്പോഴും തെളിയുന്നൊ-
രേക ശക്തിയായി
വേനലിൽ വർഷമായി
പെയ്യുന്നൊരാ തുള്ളിയായി
നിദ്രയിൽ സ്വപ്നമായി
തെളിയുന്ന മുഖമായി
കണ്ണുകൾ കാണുന്ന
മഹാപ്രപഞ്ചമായി
സ്നേഹമെന്നതിൻ
പര്യായമായി
മാനത്തു തെളിയുന്ന
താരമായി
മഴവില്ലിന്റെ എട്ടാം
വർണ്ണമായി
തോരാമഴയിലൊരു കുടയായി
പവിത്രമായുള്ളരാ പദസ്ഥാനിയായി
എന്നിലെ ആത്മാവായി അംശമായി
നിറയുന്നതാണെന്റെ അമ്മ.

സ്വാതിക ഗണേഷ്
9 A



# അമ്മ മനം...

വരുവാൻ ആരും ഇലെങ്കിലും കാത്തിരിക്കുന്നു
ഞാൻ ഏകയായി മൂകയായി.
സന്തോഷ നാളുകൾ കടന്നുപോയത് എത്രവേഗം
മനസ്സിൽ നിന്ന് അത് മായില്ല അത്രവേഗം
വാർദ്ധക്യ കാലത്ത് ഇന്ന് ഞാൻ ഏകയാണ്.
പാതിവഴിയിൽ പിരിഞ്ഞുപ്പോയി എൻ
തോഴനും ഉപേക്ഷിചോരെൻ മക്കളും
അവർ എവിടെയെന്നറിയില്ല ദൈവമെ!
എവിടെയാണെങ്കിലും ഉയരത്തിൽ എത്തുവാൻ
തുടക്കുന്നു എൻ അമ്മ മനം. ഇന്ന് ഏകയായി.

ദേവനന്ദന വി ജെ
8 E



# ഭരണത്തിനു വേണ്ടി

കോസലരാജ്യത്തിലെ രാജാപായിരിന്നു ധ്രുവന്ധി അയോദ്ധ്യ തലസ്ഥാനമാക്കി പ്രജാക്ഷമം മാത്രം ലക്ഷ്യം പച്ചു. ഭരിച്ചു ഒരു രാജാവായിരുന്നു അദ്ദേഹം. സമ്പൽ സമൃദ്ധവും ഐശ്വര്യപൂർണ്ണവും സ്വച്ഛവുമായിരുന്നു അക്കാലത്ത് കോസലം. രാജാവിന് മനോരമ എന്നും ലീലാവതി എന്നും പേരായ രണ്ടു ഭാര്യമാർ ഉണ്ടായിരുന്നു. ഇരുവർക്കും ഓരോ പുത്രന്മാരും ജനിച്ചു. മനോരമയുടെ പുത്രൻ സുദർശനൻ ലീലയുടെ പുത്രൻ ശത്രുജിത്ത്.രാജാവ് ഇരുവരെയും സ്നേഹപൂർവം പരിലാളിച്ചിരുന്നു. പഠനരംഗത്തിലും മറ്റ് വിദ്യകളിലുമെല്ലാം സുദർശനനെക്കാൾ ഒരുപടി മുന്നിലായിരുന്നു ശത്രുജിത്ത്. അതിനാൽ ഗുരുവുമുൾപ്പെടെയുള്ളവർക്ക് അയാളോട് ഒരു പ്രത്യേക വാത്സല്യം തോന്നി. പഠിക്കുന്ന കുട്ടികൾക്ക് എല്ലായിടത്തും പ്രത്യേക പരിഗണന ലഭിക്കുമല്ലോ. മനുഷ്യജീവിതത്തിലെ വസന്തങ്ങൾ എത്രപട്ടെന്നാണ് വർഷമേപങ്ങൾ മുടിക്കളയുന്നത് സുഖവും സന്തോഷവും പരിലതയുടെ കൂത്തരങ്ങാവാൻഞല്ല നേരം മതി ധ്രുവസന്ധിയുടെ കൊട്ടാരത്തിലും അതുതന്നെ സംഭവിച്ചു. രാജാവ് ഒരിക്കൽ വേട്ടയാടുന്നതിനായി കാട്ടിലേക്കുപോയി. അവിടെ വച്ച് ഒരു സിഹംത്തിന്റെ അപ്രതീക്ഷിതമായ അക്രമണത്തിൽ രാജാവ് മരിച്ചു.

Yedhu Krishnan C S

9 B



# ആസ്വാദനക്കുറിപ്പ്- അഗ്നിച്ചിറകുകൾ

ഇന്ത്യയുടെ മിസൈൽ മാൻ എന്നറിയപ്പെടുന്ന ഇന്ത്യയുടെ രാഷ്ട്രപതിയായിരുന്ന എ.പി.ജെ അബ്ദുൽകലാം എഴുതിയ അദ്ദേഹത്തിന്റെ ആത്മകഥയാണ് അഗ്നിച്ചിറകുകൾ. ആത്മാർത്ഥതയും പരിശ്രമവും സമർപ്പണബോധവും ഉണ്ട്. എങ്കിൽ ഏതൊരു സാധാരണക്കാരനും ഉയരങ്ങളിൽ എത്താൻ സാധിക്കും എന്നതിന്റെ ഉത്തമോദാഹരമാണ്.സാധാരണക്കാരിൽ സാധാരണക്കാരനായ എ.പി.ജെ അബ്ദുൽകലാം ഇന്ത്യയുടെ രാഷ്ട്രപതിയായി മാറിയതും ഒപ്പം ശാസ്ത്ര സാങ്കേതിക രംഗത്തുള്ള അദ്ദേഹത്തിന്റെ മുന്നേറ്റവും.

കഷ്ടതയിൽ നിന്നും ഉയരങ്ങളിലേക്ക് എത്തിയ അദ്ദേഹത്തിന്റെ അപൂർവ്വമായ ജീവിതകഥയാണ് അഗ്നിച്ചിറകുകൾ എന്ന പുസ്തകത്തിൽ അടങ്ങിയിരിക്കുന്നത് . കുട്ടികൾക്കും മുതിർന്നവർക്കും ഒരേപോലെ ഗ്രഹിക്കുവാൻ സാധിക്കുന്ന തരത്തിൽ രചിച്ചിരിക്കുന്ന ഈ പുസ്തകം വരും തലമുറയ്ക്ക് ഏറെ പ്രയോജനകരമാണ് . പരാജയങ്ങളിൽ നിന്നും വിജയങ്ങളിലേക്ക് കുതിച്ചുയർന്ന അസാമാന്യ കഴിവുകളുള്ള ആ മഹത്‌വ്യക്തിയുടെ അതിമനോഹരമായ ആത്മകഥ.

ഉപജീവനത്തിനായി പത്രം വിറ്റ് ജീവിച്ചിരുന്ന ഒരു സാധാരണ ബാലന് പിന്നീട് സ്കോളർഷിപ്പുകൾ ലഭിക്കുകയും ഉയർന്ന വിദ്യാഭ്യാസം നേടുകയും ചെയ്ത് രാജ്യത്താകമാനം ഉള്ള ജനങ്ങളുടെ അഭിമാനമായി മാറുകയായിരുന്നു അവ്വുൽ പക്കിൽ ജയ്നലാബ്ദീൻ അബ്ദുൽകലാം എന്ന മനുഷ്യൻ വായിക്കുന്തോറും വായനക്കാരനെ അതിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാനും പരാജയങ്ങളെ ഭയപ്പെടാതെ മുന്നേറുവാനും ഒട്ടേറെ പ്രയോജനമേകുന്ന ഒരു പുസ്തകം കൂടിയാണിത് . കുട്ടികളേയും മുതിർന്നവരേയും ഒരുപോലെ ആകർഷിക്കാൻ കഴിയും വിതമാണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത് .

Amrutha Sajeev
8 E



# അർജുനനും ദ്രോണാചാര്യരും

പാണ്ഡവരേയും കൗരവരേയും ആയുധവിദ്യ അഭ്യസിപ്പിച്ചത് ദ്രോണാചാര്യരായിരുന്നു. പാണ്ഡവരിൽ മൂന്നാമനായ അർജുനനായിരുന്നു അവരിൽ ഏറ്റവും മിടുക്കൻ.

ഒരു ദിവസം രാത്രി, എല്ലാവരും ഊണുകഴിക്കുകയായിരുന്നു. പെട്ടെന്ന് കാറ്റടിച്ച് വിളക്കു കെട്ടു. എല്ലാവരും ഊണുകഴിക്കുന്നത് നിർത്തി.ദ്രോണാചാര്യർ വേഗം വിളക്കുമായി എത്തി. അപ്പോഴതാ അർജുനൻ മാത്രം സുഖമായി ഊണു കഴിച്ചുകൊണ്ടിരിക്കുന്നു! ഇരുട്ടത്തുപോലും സ്ഥലപരിചയം കൊണ്ട് കാര്യങ്ങൾ ചെയ്യാൻ കഴിയുന്ന അർജുനൻ വലിയ വീരനായിത്തീരും. ദ്രോണാചാര്യർക്ക് മനസ്സിലായി. അദ്ദേഹം അർജുനനെ അടുത്തുവിളിച്ച് അഭിനന്ദിച്ചു. എന്നിട്ട് അർജുനന് മാത്രമായി ചില വിദ്യകൾ പഠിപ്പിച്ചു കൊടുക്കാൻ തുടങ്ങി. പിന്നീട് അർജുനൻ വില്ലാളിവീരനാവുകയും ചെയ്തു.

Bhavya D S
8 D



# ഇത്രയും മധുരമോ എൻ ജീവിതം .......

പച്ചവിരിച്ചൊരാ പട്ടിന്റെ മാറിൽ
മയങ്ങിക്കിടക്കുന്ന മഞ്ഞു തുള്ളി
നിന്നെ വൈരം പതിച്ചൊരാക്കല്ലാക്കി
മാറ്റുവാൻ എത്തുന്ന ദേവൻ കിഴക്കുനിന്നു
മാളികതൻ തിരശ്ശീല മാറ്റിക്കൊണ്ട്
എത്തി നോക്കിടുന്നു മെല്ലെ മെല്ലെ
അന്നതയിലാണ്ട ഭൂമിക്കവൻ ഒരു
സ്വർണ്ണ വിളക്ക് കൊളിത്തിടുമ്പോൾ
കരിമണിമാലപോൽ ഒഴുകുന്ന നദിയോ
വെള്ളിക്കൊലുസ്സായി മാറിടുന്നു
പുക്കൾ ചിരിച്ച് തൻ ഗന്ധം
പറത്തുമ്പോൾ വണ്ടുകൾ മൂളിയിങ്ങെത്തിടുന്നു
മയങ്ങിയ കിളികളോ പാടുന്നു
ഗാനങ്ങൾ ഈ വിധം മധുരമോ എൻ ജീവിതം

Fathima K S
9 C



# കാറ്റിൽ പറന്ന മല

പാമ്പുകളുടെ മഹാരാജാവാണ് വാസുകി. ഒരിക്കൽ വായുദേവനും വാസുകിയും തമ്മിൽ കണ്ടുമുട്ടി. തങ്ങളിൽ ശക്തൻ ആരാണെന്ന് അവർ തമ്മിൽ തർക്കമായി. മഹാമേരു എന്ന പേരുള്ള ഒരു കൊടുമുടിയുണ്ടായിരുന്നു. മഹാമേരു ചൂണ്ടിക്കാട്ടി വായുദേവൻ പറഞ്ഞു: "ആ കൊടുമുടി നിമിഷനേരം കൊണ്ട് അങ്ങ് തെക്കുള്ള കടലിൽ പറപ്പിച്ച് ഇടാൻ എനിക്കു കഴിയും." "എങ്കിൽ അതൊന്നു കാണട്ടെ." ഇതു കേട്ടതും വാസുതി മഹാമേരുവിനെ ചുറ്റിവരിഞ്ഞു കിടപ്പായി. വായുദേവന് വാശിയായി. പെട്ടെന്ന് കാറ്റ് ആഞ്ഞുവീശി. മരങ്ങൾ ആടിയുലഞ്ഞു. ഭൂമിയിൽ പൊടിയുയർന്നു. പൊടിപടലം കൊണ്ട് ഭൂമിയും ദേവലോകവും മൂടുമെന്നായി. പേടിച്ചുപോയ ദേവന്മാർ മഹാവിഷ്ണുവിന്റെ അടുത്തെത്തി. "ഭഗവാനെ രക്ഷിക്കണം." മഹാവിഷ്ണു വാസുകിയോട് ചുറ്റഴിക്കാൻ ആവശ്യപ്പെട്ടു. വാസുകി ചുറ്റഴിച്ചു. അപ്പോൾ മഹാമേരുവിന്റെ ഒരു ഭാഗം അടർന്നുവീണു. അത് പറന്നുപോയി കടലിൽ വീണു.

Bhavya D S



# തിരികെ യാത്ര

മതിലുകൾക്കക്കരെ പുഴകരഞ്ഞീടുന്നു
വരിക ഭഗീരഥാ വീണ്ടും!
വാമനൻമാരായളന്നളന്നവരെന്റെ
തീരങ്ങളിൽ വേലിചാർത്തി
വേദന, പാരതന്ത്ര്യത്തിന്റെ വേദന
പോരൂ ഭഗീരഥാ വീണ്ടും.
തുള്ളിക്കളിച്ച്, പുളിനങ്ങളെ പുൽകി,
പുലരികളിൽ മഞ്ഞാട ചുറ്റിക്കഴിഞ്ഞ നാൾ
വെയിലാറുവോളം കുറുമ്പൻ കുരുന്നുകൾ
നീർതെറ്റി, നീരാടി നീന്തിക്കളിച്ച നാൾ,
വയലിൽ കലപ്പക്കൊഴുവിനാൽ കവിതകൾ
വിരിയിച്ച വേർപ്പണിഞ്ഞവാനും കിടാക്കളും
കടവിലാഴങ്ങളിൽ കുളിരേറ്റു നിർവൃതി
കരളിൽ തണുപ്പായ് പുതച്ചോരു നാളുകൾ...
കെട്ടു പോകുന്നു വസന്തങ്ങൾ പിന്നെയും
നഷ്ടപ്പെടുന്നെന്റെ ചടുലവേഗം
ചൂതിന്റെ ഈടു, ഞാനാത്മാവലിഞ്ഞുപോയ്
പോരൂ ഭഗീരഥാ വീണ്ടും!

എന്റെ പൈക്കിന്നു നീർകൊടുത്തീടാതെ,
എന്റെ പൊൻമാനിന്നു മീനു കൊടുത്തീടാതെ,
എന്റെ മണ്ണിരകൾക്കു ചാലു നൽകീടാതെ,
കുസൃതിക്കുരുണി മുങ്ങി നീരാടാതെ,
ആറ്റുവഞ്ചിക്കുഞ്ഞിനമ്മ നൽകീടാതെ,
വയലു വാരങ്ങളിൽ കുളിരു കോരീടാതെ,
എന്തിനു പുഴയെന്ന പേരു മാത്രം!!
പോരു ഭഗീരഥാ വീണ്ടും.

ഫാത്തിമ കെ എസ്



# വായനാകുറിപ്പ് :

## ഓർമ്മകളുടെ ജാലകം:

അനിൽകുമാർ സി പി

അനിൽകുമാർ സി പി യുടെ മനോഹരമായ കഥകൾ നിറഞ്ഞ ഒരു പുസ്തകമാണ് "ഓർമ്മകളുടെ ജാലകം."
പതിനെട്ട് കഥകളാണ് ഈ പുസ്തകത്തിൽ ഉള്ളത് .

ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന ഒരു കഥയാണ് 'അമ്മ.' എനിക്ക് ഇഷ്ടപ്പെട്ടതും ഈ കഥയാണ് . ഒരു വൃദ്ധയുടെ ദുഃഖകരമായ ജീവിതമാണ് അമ്മ എന്ന കഥയിൽ പരാമർശിച്ചിരിക്കുന്നത് .

ഈ പുസ്തകത്തേകുറിച്ച് പറയുവാൻ ആണെങ്കിൽ ഒരാൾ തന്റെ കാലത്തേ അലെങ്കിൽ ജീവിതത്തേ എപ്പോഴും പുതുക്കിപഠനതുകൊണ്ടിരിക്കും.

ബാല്യത്തിലെയോ കൗമാരത്തിലെയോ ഓർമ്മകൾ ഇതെല്ലാം ഉൾകൊള്ളിച്ച് എഴുതിയിരിക്കുന്ന പുസ്തകം. നാം നമ്മേ നഷ്ടപ്പെടുന്നുണ്ട് ; എന്നാൽ മറ്റൊരു രീതിയിൽ പുനർനിർമിക്കുന്നുമുണ്ട്. നമ്മേ നശിപ്പികാതേ പുനരുജീവിപ്പിക്കുന്ന ഓർമ്മകൾ. അവ ഒന്നിനു നൂറായി പൊട്ടിവിരിയുമ്പോൾ; ഇന്നത്തേ സാന്ത്വനമാണ്. നഷ്ടലോകങ്ങൾക്കിടയിൽ തിളങ്ങുന്ന അമൂല്യവസ്തുക്കൾ.

ഓർമ്മകളുടെ സഞ്ചാരഥ്യയാക്കു ചുമപ്പു ചായം. വായനയുടെ വേറിട്ട അനുഭവം അതാണ് "ഓർമ്മകളുടെ ജാലകം."

Kripa Thankachan
9 C

# ഓർമ്മയിൽ ഒരു ഗ്രാമം

ഗ്രാമം. ഗ്രാമമെന്ന എന്റെ സ്വപ്നം. എന്റെ അമ്മ തന്റെ ഗ്രാമത്തെക്കുറിച്ച് പറയാറുണ്ട്. വയലുകളും അമ്പലമുറ്റങ്ങളും നിറഞ്ഞുനിൽക്കുന്ന ആ ഗ്രാമം. രാവിലെ ഉണർന്ന് കുളിരു കോരുന്ന വെള്ളത്തിൽ കുളിച്ച് പട്ടുപാവാടയും ബ്ലൗസുമിട്ട് കൂട്ടുകാർക്കൊപ്പം അമ്പലത്തിലേക്കുപോകും. പോകുന്നവഴിയിൽ പൊൻകതിരുകൾ വിളഞ്ഞു നിൽക്കുന്ന വയലേലകൾ, അതിന്റെ ഇടയിലൂടെ നടന്നുപോകുന്നത് ഒരു അനുഭവം തന്നെയാണ്. ഇക്കാലത്തെപോലെ ടാറിട്ട റോഡായിരുന്നില്ല അന്നൊക്കെ, ചെമ്മണ്ണു വിരിച്ച പാതയിലൂടെയാണ് നടന്നു പോയിരുന്നത്. കൂട്ടുകാർക്കൊപ്പം അമ്പലത്തിൽ തൊഴുതിറങ്ങി ചന്ദനക്കുറിതൊട്ട് അമ്പലമുറ്റത്തെ ആൽത്തറയിലിരുന്ന് കൊച്ചുവർത്തമാനം പറഞ്ഞ് എല്ലാവരും കൂടി തൊടിയിലേക്കിറങ്ങും. എന്നിട്ട് പല തരത്തിലുള്ള കളികളിലേർപ്പെടുന്നു. സാറ്റ് കളി, കണ്ണാരം പൊത്തിക്കളി, നാരങ്ങാപാലേകളി തുടങ്ഹിയ കളികൾ കളിച്ച് ആസ്വദിച്ച കാലത്തെക്കുറിച്ച് പറയുമ്പോൾ എനിക്ക് കൊതിവരാറുണ്ട്. എന്തെന്നാൽ ഞാൻ ജീവിക്കുന്ന ഇക്കാലത്ത് അതൊക്കെ സ്വപ്നം കാണാനല്ലേ പറ്റൂ? അക്കാലത്തെപ്പോലെ ശാന്തമായ അന്തരീക്ഷമല്ലല്ലേ, ഇന്നു ഒളത്. എവിടെ നോക്കിയാലും മാലിന്യക്കൂസാരവും പുകയും പൊടിയും നിറഞ്ഞ അന്തരീക്ഷമാണ്. എന്നെപ്പോലുള്ള പുതിയതലമുറയ്ക്ക് ഒന്നാസ്വദിക്കുവാൻ പോലു മാകാത്തവിധത്തിൽ വയലുകൾ നികത്തി ഫ്ലാറ്റുകൾ പണിതുയർത്തുകയാണ്. ഇന്നത്തെപോലെ മുട്ടിനുമുട്ടിന് വിദ്യാലയങ്ങൾ അന്നൊന്നുമില്ലായിരുന്നു.അതുപോലെ സ്കൂൾ വാഹനങ്ങളുമില്ലായിരുന്നു. കുറെ നടന്നാണ് വിദ്യാലയത്തിലെത്തിയിരുന്നത്. പോകുന്ന വഴിയിൽ പുഴകളും,റബർതോട്ടങ്ങളും ചെറിയ കുന്നുകളും കടന്നുവേണം സ്കൂളിലെത്താൻ. അതൊക്കെ ഒരു കാലം. ഇപ്പോൾ ഫ്ലാറ്റിൽ നിന്നിറങ്ങി സ് കൂൾബസ്സിൽക്കയരി സ്കൂൾ വരാന്തയിലിറങ്ങുക. അത്രയേ വോണ്ടൂ. ഭൂമിയെ തൊട്ടറിഞ്ഞ് വളരേണ്ട കുട്ടികൾ ഇന്ന് ഭൂമിയെ വെറുക്കുകയാണ് ചെയ്യുന്നത്. കാലപോയ പോക്ക്.....

Krishnendhu
9 B



# ലഹരി മിഠായി

ഒരു സന്ധ്യയസമയത്ത്. ഒരു ഗ്രാമത്തിൽ ഒരു അച്ഛൻ അമ്മയ്ക്കും ഒരു ആൺകുഞ്ഞ് ജനിച്ചു. അവർ ആ കുഞ്ഞിനെ രാമൻകുട്ടി എന്ന് വിളിച്ചു. രാമൻകുട്ടി വളരെയേറേ ബുദ്ധിമാനാണ്. ഒരു ദിവസം രാമൻകുട്ടി സ്കൂളിൽ പോകുന്ന വഴിയിൽ ഒരു ചേട്ടൻ നല്ലമിഠായി രാമൻകുട്ടിയ്ക്ക് കൊടുത്തു. അതു രാമൻകുട്ടി വങ്ങിച്ചു. രാമൻകുട്ടിയ്ക്ക് സംശയമുണ്ടായിരുന്നു. ഇതിൽ വല്ല മയക്ക മരുന്ന് ചേർത്തിണ്ടുണ്ടാകും എന്ന്. അതു കാരണം അവൻ പോകുന്ന വഴിയിക്ക് പുഴയിലേക്ക് എറിഞ്ഞു കളഞ്ഞു. പിറ്റേ ദിവസവും അവൻ ആ ചേട്ടനെ കണ്ടു. അന്നേരവും ആ ചേട്ടന് രാമൻകുട്ടിയ്ക്ക് മിഠായി കൊടുത്തു. അതും അവൻ പുഴയിലേക്ക് എറിഞ്ഞു കളഞ്ഞു. അന്ന് ഒരു പുതിയസാറ് ക്ലാസ്സെടുക്കാൻ സ്കൂളിൽ വന്നിരുന്നു.ആ സാറ് ലഹരി വിരുദ്ധത്തെ കുറിച്ച് സംസാരിക്കാനാണ് വന്നത്. ആ സാറ് പറഞ്ഞു ഇങ്ങനെ മിഠായി കൊടുക്കും അത് വാങ്ങരുത് എന്ന് പറഞ്ഞു.അങ്ങനെ ആരെങ്കിലും കൊടുക്കുന്നുണ്ടെങ്കിൽ അത് എന്നോട് വന്ന് പറയണം എന്നു പറഞ്ഞു. സാറ് ക്ലാസ്സെടുത്തു. ക്ലാസ്സ് കഴിഞ്ഞപ്പോൾ അവൻ ആ ചേട്ടനെ കുറിച്ച് സാറിനോട് പറഞ്ഞു. അതു കഴിഞ്ഞുള്ളദിവസം അവനോടൊപ്പം ആ സാറുമുണ്ടായിരുന്നു. അവനോട് അന്നും ചോദിച്ചു മിഠായി വേണ്ടേ എന്ന് അപ്പോൾ അവൻ ഒന്നും മിണ്ടിയില്ല. അപ്പോൾ തന്നെ സാർ അവനെ പിടിച്ച് ഒരു ക്ലാസ്സെടുത്തു കൊടുത്തു. അവന് മാത്രമല്ല ക്ലാസ്സ്കേക്കാൻ വന്നത് അവർ കുറേ പേർ ഉണ്ടായിരുന്നു. ആ ക്ലാസ്സ് കേട്ട എല്ലാവർക്കും പിന്നെ ആ മയക്കുമരുന്ന് മിഠായി ആർക്കും കൊടുത്തില്ല. രാമൻകുട്ടിയുടെ ബുദ്ധിയാണ് ഇവരുടെ ജീവന്റെ കാരണം. രാമൻകുട്ടിയുടെ ബുദ്ധി കാരണം ഇവർ നല്ലവരായി.

Ansiya K N
8 B



# ബാല്യകാലസ്മരണങ്ങൾ

ബാല്യം താൻ സകലർക്കും മധുര
സ്മരണങ്ങൾ തൻ കാലം

മൂവാണ്ടൻമാവിനെ കല്ലെറിഞ്ഞും
മാവിലേറിയും കളിച്ചകാലം
പൊന്നോണ നാളിൽ പൂക്കളിറുത്ത്
കൂട്ടരോടൊത്ത് പൂവിട്ടതും
മധുര സ്മരണതൻ തോപ്പിലെ പൂ മാത്രം
പിറന്നനാളിൽ അച്ഛനും അമ്മയും
കൂട്ടരുമൊത്ത് ആഘോഷിച്ചതും
ഓടിക്കളിച്ചതും വീണതും ഓർമ്മതന്ന
വിഷുകാലമായപ്പോൾ പൂവിട്ടകണി
കൊന്നതൻ പൂക്കളിറുത്ത് കളഞ്ഞപ്പോൾ
വടിയാൽ അമ്മയടിച്ചതും
ചെളി വെള്ളത്തിൽ വള്ളമൊഴുക്കിയതും
പാടവരമ്പിലൂടാമ്പലുമേന്തി ഓടി
കളിച്ചതും ആമ്പലിനായി തോട്ടിലേക്ക്
കുതിച്ചതും ബാല്യകാലത്തിന്റെ സ്മരണതന്നെ

കളങ്കമറ്റയെൻ കൂട്ടുകാരും
നന്മതൻ പൂച്ചെണ്ടായി
വിടരുന്ന ഗുരുനാഥരും
ആവില്ലെനിക്കു മറക്കാൻ
എൻ ബാല്യം
സ്മരണതൻ തോപ്പിലെത്തുമ്പോൾ
ആദ്യമുദിക്കുന്നയെൻ ബാല്യം

Swathika Ganesh



# ആസ്വാദനക്കുറിപ്പ്

# നോവൽ – "ഇന്നലത്തെ മഴ"

പറയിപ്പെറ്റപന്തിരുകുലത്തിലെ സന്തതിപരമ്പരകളാണ് കേരളീയർ എന്ന ഐതീഹ്യത്തിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെട്ട ജ്യോതിശാസ്ത്രജ്ഞൻ, വ്യാകരണപണ്ഡിതൻ, ഭയനികശാസ്ത്രപരി- ജ്ഞാനി എന്നീ നിലകളിലെല്ലാം പ്രസിദ്ധനായ വരരുചി എന്ന ബ്രാഹ്മണന് ഒരു ചണ്ഡാളസ്ത്രീയിൽ പിറന്നപന്ത്രണ്ടുമക്കളുടെ ഐതീഹ്യകഥയെ നോവൽ രൂപത്തിൽ "ഇന്നലത്തെ മഴ" എന്ന ആഖ്യാനത്തിലൂടെ ശ്രീ.എൻ.മോഹനൻ രചിച്ചിരിക്കുന്നത്.

രാജകീയപ്രൗഢിയിൽ ജീവിക്കാമായിരുന്നെങ്കിലും അതൊക്കെ ഉപേക്ഷിച്ച് പതിമൂന്നു സംവത്സരക്കാലത്തെ ഗുരുകുലവാസത്തിനുശേഷം അധീതിബോധാചരണങ്ങളുടെ ആദ്യക്രമികകളെല്ലാം സ്വായത്തമാക്കി, ജ്ഞാനവിജ്ഞാനങ്ങളുടെ കവാടങ്ങൾ തുറന്ന്, സനാതനസത്യത്തിന്റെ പൊരുൾ തേടുവാനുള്ള ആഗ്രഹത്താൽ കർമകാണ്ഡത്തിൽ വേണ്ടിവരുന്ന തീവ്രസാധനകളുടെ കാർക്കശ്യത്തെപ്പറ്റിയും ജീവചോദനങ്ങളുടെ അതീവലോലവും വിച്ഛേദിക്കുവാനാകാത്തതുമായ പ്രതിപ്രവർത്തനങ്ങളെപ്പറ്റിയും ക്ഷുദ്രങ്ങളായ ഹൃദയദൗർബല്യങ്ങളെപ്പറ്റിയുമുള്ള അകാലജ്ഞാനത്തിനുവേണ്ടി പണ്ഡിതനാകാൻ ആഗ്രഹിച്ചിറങ്ങിയ വരരുചിയുടെ ജീവിതത്തിലൂടെയാണ് നോവൽ ഉടനീളം സഞ്ചരിക്കുന്നത്. വിക്രമാദിത്യ മഹാരാജാവിന്റെ സദസ്സിലെ ആസ്ഥാനപണ്ഡിതനെന്ന സ്ഥാനം ലഭിച്ചിട്ടും വീണ്ടും ജീവരാശിയുടെ സന്തോഷത്തിന്റെയും സങ്കടത്തിന്റെയും പിന്നിലെ സമസ്യ അറിയാനും, ജീവിതമെന്ന പ്രഹേളികയുടെ കുരുക്കഴിക്കാനും, പ്രകൃതിശക്തിയുടെ സ്രോതസ്സു കണ്ടെത്താനും അദ്ദേഹം യാത്ര ആരംഭിക്കുകയാണ്. പ്രാപഞ്ചികസത്യംതേടി അലയുന്ന പാന്ഥനായ വരരുചി തന്റെ യാത്രയിൽ പലരെയും കണ്ടുമുട്ടുന്നു. ഇതിനിടയിൽ ഗുരുസന്നിധിയിലെ തപസ്യയുടെയും സാധനയുടെയും വിശിഷ്ടസിദ്ധി ഉപയോഗിച്ച് ഒരിക്കൽ അദ്ദേഹം കൈലാസസാനുക്കളിൽ നിന്നെത്തുന്ന കാലത്തെയും നിമിത്തത്തെയും വിധിയെയും സൂചിപ്പിക്കുന്ന കാലമേനിപ്പക്ഷികളുടെ സംസാരം അദ്ദേഹം ശ്രവിക്കാനിടയായി "അടുത്തുള്ള ഒരു പറക്കുടിലിൽ പിറന്നപെൺകുട്ടിയാണ് വരരുചിയുടെ ജീവിതപങ്കായാകാൻ പോകുന്നതെന്നായിരുന്നു അത് ". എന്നാൽ ഇതിനെ മറിക്കടക്കാൻ ശ്രമിച്ചവരരുചി ആ പിഞ്ചുബാലികയുടെ ഒഴുക്കിവിടുകയാണ് ചെയ്തത്. എല്ലാം കാലമാണ് പ്രവചിക്കുന്നത്. കാലത്തിന്റെ ഗത്യന്തരങ്ങളിൽ നമ്മൾ വെറും ദൃക്സാക്ഷികളും വക്താക്കളും മാത്രം.

പിന്നീടുള്ള യാത്രയ്ക്കിടയിൽ വരരുചി ഒരു ബ്രാഹ്മണൻ എടുത്തുവളർത്തുന്ന പെൺകുട്ടിയായി പഞ്ചവിയെ കാണുകയും പിന്നീട് അവരുടെ ജീവിതകാലഘട്ടത്തിനിടയ്ക്ക് അവൾ തന്റെ യാതനയ്ക്കിരയായ ആ പിഞ്ചുബാലികയാണെന്ന സത്യം വരരുചി തിരിച്ചറിയുന്നു. വിധിയെ തോൽപ്പിക്കാനെന്നപോലെ "കുഞ്ഞിന് വായുണ്ടെങ്കിൽ ഇരയുമുണ്ട് " എന്ന പ്രസ്താവനയും ചൊല്ലി തന്റെ പതിനൊന്ന് മക്കളെ ജനിച്ചുവീണസ്ഥലത്തുതന്നെ ഉപേക്ഷിക്കുകയാണ്. പന്ത്രണ്ടാമത്തെ കുട്ടിയെ പഞ്ചമിക്ക് വളർത്താൻ കൊടുക്കാം എന്ന് തീരുമാനിച്ച വരരുചിക്ക് അവിടെ വച്ച് തന്റെ തെറ്റ് ബോധ്യമായി. അവിടെ മരിച്ചു വീണ വായില്ലാത്ത ആ കുഞ്ഞിനെ അവർ ഒരു കുന്നിനുമുകളിൽ പ്രതിഷ്ടിക്കുന്നു. അതാണ് പിന്നീട് ഖ്യാതിനേടിയ ഇപ്പോഴും കേരളത്തിനകത്തും പുറത്തുമുള്ള വിശ്വാസികൾ ധാരാളമായെത്തുന്ന പ്രസിദ്ധമായ വായില്ലാകുന്നിലപ്പന്റെ ക്ഷേത്രം. പിന്നീട് അമാനുഷികനും അരുപിയുമായ വായില്ലാകുന്നി- ലപ്പന്റെ അത്ഭുതസിദ്ധിയാൽ പഞ്ചമി എന്ന മാതാവിന്റെ ജീവിതത്തിന്റെ അന്ത്യാഭിലാഷമായി അദ്ദേഹം

തന്റെ പത്ത് സഹോദരന്മാരെയും കാരയ്ക്കലമ്മ എന്ന സഹോദരിയെയും അമ്മയ്ക്കുമുമ്പിൽ നിർത്തുന്നതോടെ നോവൽ പര്യവസാനിക്കുന്നു. മക്കളെ മാനസാന്തരത്തിന്റെയും മാനവികതയുടെയും മഞ്ജുളമായ മനസ്സിനധിഷ്ടിതമായി ഒരമ്മ ജീവിതവസാനം വരെ നാനാദേശങ്ങളിലാണെങ്കിൽ പോലും ജീർണ്ണിക്കാത്ത മനസ്സുമായി ജീവനുതുല്യം സ്നേഹിക്കുന്ന ഒരാഖ്യാനമാണിത്.

മതഭ്രാന്തിന്റെയും മറ്റും പേരിൽ ക്രൂരനരഹത്യകൾ നടക്കുന്ന ഈ പുതുയുഗത്തിൽ വ്യത്യസ്ത ജീവിതസാഹചര്യത്തിൽ പിറന്ന പറയിപ്പെറ്റ പന്തീരുകുലത്തിന്റെ ഐക്യം ശ്രദ്ധയാകർഷിക്കുന്നു.

സോന സജീവ്
9 E



Student Editors : Swathika Ganesh 9A
: Sona Sajeev 9E

Cover Design : Jyosna Castro 10F

മലയാളം ടൈപ്പിങ് : ഗിരിധർ കെ എ 9E

# നന്ദി